

# ബൈബിൾ ട്രഞ്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P K. VARGHESE** ***  *** **J. C. CHOATE** ***

**Published by Church of Christ.**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol 7** **July 1993** **No. 4**

ഒരിക്കൽ ഒരാളെ അയാളുടെ സുഹൃത്ത് കൈക്കൂലി വാങ്ങിക്കുവാനായി പ്രേരിപ്പിച്ചു. അവിഹിതമാർഗ്ഗത്തിലുള്ള ധനസമ്പാദനം തെറ്റാണെന്നു തന്റെ മനസ്സാക്ഷിയിലുണ്ടായിരുന്നിട്ടും അയാൾ മറ്റൊരാളുടെ നിർബ്ബന്ധത്തിന്നു വഴങ്ങുകയാണുണ്ടായതു. ഇങ്ങനെ മറ്റുള്ളവരുടെ സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെട്ട് വിവിധ തരത്തിലുള്ള തെറ്റുകൾ ചെയ്യുന്നവർ ധാരാളമുണ്ട്. സ്വയമായി ചിന്തിച്ച് പാപം ചെയ്യുന്നവരുമുണ്ട്. നീതിക്കുവേണ്ടിയും ധർമ്മത്തിനുവേണ്ടിയും വാദിക്കുന്നവരേക്കാൾ ഇന്ന് അധികം വാസന അനീതിക്കും അധർമ്മത്തിനും വേണ്ടിയാണ് എന്ന് സമ്മതിച്ചേ മതിയാകു. അതിൽ രാഷ്ട്രീയമോ, സാംസ്ക്കാരികമോ, മതപരമോ ആയ വ്യത്യാസങ്ങൾ നാം കാണുന്നില്ല. ആരെയും എപ്പോഴും ഏതു വിധത്തിലും കീഴ്പ്പെടുത്തുന്ന ഈ മാരകമായ വിപത്തിനു ചികിൽസ നടത്താതെ അതു ഭേദമാകയില്ല. അടിസ്ഥാനപരമായി ഈ പ്രശ്നത്തെ പരിഹരിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു. ഒരു വ്യക്തിയുടെ മനോഭാവം പൂർണ്ണമായി രൂപപ്പെടുത്തുവാൻ മനുഷ്യരാൽ അസാദ്ധ്യം എന്നതാണ് ശരി. ഇവിടെയാണ് നാം ദൈവത്തെ തിരിച്ചറിയുന്നതു.

എഡിററർ

# മനുഷ്യൻ എന്താകുന്നു ?

## J. C. ചോട്ട്

സങ്കീർത്തനകർത്താവായ ദാവീദ് ഇപ്രകാരം എഴുതുകയുണ്ടായി: ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു; നീ ആകാശത്തിൽ നിന്റെ തേജസ്സുവെച്ചിരിക്കുന്നു. നിന്റെ വൈരികൾ നിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നെ, നീ ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ നിന്നു ബലം നിയമിച്ചിരിക്കുന്നു. നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു ? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്നു അവൻ എന്തുമാത്രം ? നീ അവനെ ദൈവത്തെക്കാൾ അൽപം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു. ആടുകളെയും കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മൽസ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ. ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു !

മുൻപോട്ട് നോക്കുമ്പോൾ, മനുഷ്യർ പാപം ചെയ്തു പാപികളായി തീർന്നുവെങ്കിലും ദൈവം, അവരെ രക്ഷിക്കേണ്ടതിന്നു തന്റെ പുത്രനെ ക്രൂശിലെ ഭീകരമായ മരണത്തിന് ഇരയാക്കി തീർത്തു എന്നു കാണുന്നു (യോഹന്നാൻ 3:16-17). എന്നാൽ എന്തുകൊണ്ടാണ് അവൻ അതു ചെയ്തതു ?

മനുഷ്യന് ഇത്രമാത്രം പ്രത്യേകതയും പ്രാധാന്യവും ദൈവം കൽപിക്കുവാനുള്ള യഥാർത്ഥ കാരണം കണ്ടുപിടിക്കണമെങ്കിൽ നാം തിരുവെഴുത്തു പരിശോധിക്കേണ്ടിയിരിക്കുന്നു.

1. മണ്ണിലെ പൊടിയിൽ നിന്നു ദൈവം മനുഷ്യനെ നിർമ്മിച്ചു. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചു (ഉൽപ. 2:7). അതുകൊണ്ടാണ് ഒരാൾ ഭൗതികമായി മരിക്കുമ്പോൾ പൊടി പണ്ട് ആയിരുന്നതുപോലെ പൊടിയിലേക്കു പറ്റിച്ചേരുന്നതു (സഭാപ്രസംഗി 12:7).

2. ഭൗതികമായി മനുഷ്യൻ തികവുള്ളവനായിരുന്നില്ല. അതുകൊണ്ടു ദൈവം അവനു തക്കതായ തുണയായ സ്ത്രീയെ ഉണ്ടാക്കികൊടുത്തു. വിവരണം ഇപ്രകാരമാകുന്നു, "അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും. എന്നു അരുളിച്ചെയ്തു (ഉൽപത്തി 2:18). താഴോട്ടു വായിക്കുകയാണെങ്കിൽ, ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിനുപകരം മാംസം പിടിപ്പിച്ചു: യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു. അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏകദേഹമായിത്തീരും മനുഷ്യനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു; അവർക്കു നാണം തോന്നിയില്ലതാനും (ഉൽപത്തി 2:21-24).

ഇപ്പോൾ സ്ത്രീയും പുരുഷനും ഒരുമിച്ചാകുമ്പോൾ തികവുള്ളവരായി, അല്ലെങ്കിൽ സമ്പൂർണ്ണരായി എന്നു പറയാം. യോജിച്ച് ജീവിക്കുകയും പരസ്പരസഹായം നിറവേററുകയും ഉൽപാദിപ്പിക്കുകയും ചെയ്യാം. മക്കൾ ആകുന്നതോടെ അവർക്കും മക്കളാകുന്നു; ഇങ്ങനെ തലമുറകൾ തുടർന്നുപോകുന്നു. "പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ, സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായതു. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലൊ സൃഷ്ടിക്കപ്പെട്ടത്" എന്നത്രെ അപ്പൊസ്തലൻ എഴുതിയിരിക്കുന്നതു (1 കൊരിന്ത്യർ 11:8-9). എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽനിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ, സ്ത്രീയും പുരുഷനും അന്യോന്യം ആശ്രയിക്കേണ്ടവരാണ്. അതുകൊണ്ട് രണ്ടു പേരും ഒരുമിച്ചാലേ അപാകതയില്ലാതാകു. അതുകൊണ്ടു ബൈബിളിൽ മിക്കവാറും പുരുഷൻ എന്ന പൊതുവായ നാമം ഉച്ചരിക്കുമ്പോൾ സ്ത്രീയും ഉൾപ്പെട്ടിരിക്കുന്നതായി നമുക്കു കാണാം.

3. മനുഷ്യൻ ദൈവത്തിൻെറ മഹത്വകരമായ സൃഷ്ടി ആയിരിക്കകൊണ്ട് അവൻെറ ആത്മാവിനെ മനുഷ്യനിൽ നൽകിയിരിക്കുകയാണ്. ആകാശത്തെയും ഭൂമിയെയും ജന്തുജാലങ്ങളെയും പറവജാതികളെയും ഉണ്ടാക്കിയശേഷം ദൈവം അരുളിച്ചെയ്തു: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മൽസ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിൻമേലും മൃഗങ്ങളിൻമേലും സർവ്വഭൂമിയിൻമേലും ഭൂമിയിൽ ഇഴയുന്ന സകല ഇഴജാതിയിൻമേലും വാഴട്ടെ എന്നു കൽപിച്ചു (ഉൽപത്തി 1:26, 27).

ഭയവു ചെയ്തു, ദൈവം "നാം" എന്ന പദപ്രയോഗം നടത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. സൃഷ്ടിയിൽ, പിതാവായ ദൈവവും ക്രിസ്തുവും പരിശുദ്ധാത്മാവും ഉണ്ടായിരുന്നു എന്നു ഇതിൽ നിന്നു തെളിയുന്നു. "നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കുക" എന്നു പറയുമ്പോഴും അതു വ്യക്തമാകുന്നു. ദൈവം ആത്മാവാകുന്നു; ആ ആത്മീയ സാദൃശ്യത്തിലാണ് മനുഷ്യനെ ദൈവം നിർമ്മിച്ചതു (യോഹന്നാൻ 4:24). മനുഷ്യനിൽ ആന്തരിക വ്യക്തി അഥവാ ആത്മാവ് അഥവാ ദേഹി ദൈവം നൽകിയതാണ്. ദൈവത്തിനു ഭൗതികശരീരം ഇല്ലാത്തതുകൊണ്ടു ഭൗതികമായ ശരീരം ദൈവത്തെപോലെ എന്നു പറയാവതല്ല. ദൈവം മനുഷ്യശരീരത്തെ സൃഷ്ടിച്ചു എന്നതു വാസ്തവമാണ്. പക്ഷെ ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോഴാണ് മനുഷ്യർ ജീവനുള്ള ദേഹിയായി മാറിയതു (ഉൽപ. 2:7). പിന്നീട് മനുഷ്യൻ ഭൗതികമായി മരിക്കുമ്പോൾ അവനിലുള്ള ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്കു മടങ്ങിപ്പോകും (സഭാപ്രസംഗി 12:7),

4. മനുഷ്യന്റെ ആത്മാവ് നിത്യസ്വഭാവമുള്ളതാണ്. അതിനെ ആന്തരിക മനുഷ്യനെന്നും സ്വർഗ്ഗീയശരീരം എന്നും വിളിച്ചിരിക്കുന്നു (2 കൊരിന്ത്യർ 4:16; 1 കൊരിന്ത്യർ 15: 47-49). ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ എന്നു കർത്താവു പറഞ്ഞിരിക്കുന്നു (മത്തായി 10:28). ദൈവത്തിൽ നിന്നു വേർപിരിയുന്നു എന്ന അർത്ഥത്തിൽ ആത്മാവ് മരിക്കുന്നു എന്നു പറയാം. പക്ഷെ ആത്മാവിന് നിലനിൽപില്ലാതെ വരുന്നില്ല. അതുകൊണ്ട് ആത്മാവ് ഈ ലോകത്തെക്കാൾ അധികം വിലയുള്ളതാണ് (മത്തായി 16:26). കർത്താവിനെ സേവിക്കുവാനും പിൻപററുവാനും അവന്റെ ഉപദേശം അനുസരിക്കുവാനും മനുഷ്യൻ തയ്യാറാകുമ്പോൾ ദൈവം അവനെ രക്ഷിക്കുകയും പാപമോചന

ത്തിനുശേഷമുള്ള നിത്യജീവൻ എന്ന പ്രത്യാശ നൽകുകയും ചെയ്യുന്നു (മത്തായി 17:5; ലൂക്കൊസ് 9:23; മർക്കോസ് 16:16; യോഹന്നാൻ 14:1-3).

5. മനുഷ്യൻ ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും മരണത്തോളം വിശ്വസ്ഥമായി ജീവിക്കുകയും വേണം (യോഹന്നാൻ 4:24; മത്തായി 6:24; വെളിപ്പാട് 2:10). അവന്റെ സഭയിൽ അംഗമായി തീർന്നു വാക്കിനാലും പ്രവൃത്തിയാലും, കർത്താവിന്റെ നാമത്തിൽ ചെയ്തു അവനു മഹത്വവും ബഹുമാനവും കൊടുക്കണം (എഫെസ്യർ 3:21; കൊലൊസ്യർ 3:17).

6. ചിന്തിക്കുവാൻ കഴിവുള്ള ഒരു മനസ് മനുഷ്യന് ഉണ്ട്. തന്നെയുമല്ല, പഠിക്കുവാനും കാര്യകാരണം കണ്ടെത്തുവാനും, തീരുമാനിക്കുവാനും തിരഞ്ഞെടുക്കുവാനും, വിശ്വസിക്കുവാനും, അനുസരിക്കുവാനും, സംസാരിക്കുവാനും ആരാധിക്കുവാനും വിശ്വസ്തരായിരിപ്പാനും കഴിയുന്നതു അതുകൊണ്ടാണ്: മറിച്ച്, തള്ളിക്കളയുവാനും നിഷേധിപ്പാനും, തടയുവാനും, അനുസരിക്കാതിരിപ്പാനും, ദൈവസ്നേഹം നിരസിപ്പാനും രക്ഷ നിഷേധിപ്പാനും അവനു കഴിയും. ദൈവത്തിന്റെ കൃപയും കരുണയും സ്വീകരിക്കുന്നവരെ അവൻ രക്ഷിക്കുകയും അനുഗ്രഹിക്കുകയും തനിക്കുള്ളവരായി എണ്ണുകയും ചെയ്യും (എഫെസ്യർ 2:8-9).

7. മനുഷ്യൻ ദൈവത്തോടു കണക്കു കൊടുക്കേണ്ടവരും നിത്യത ഒന്നുകിൽ സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ ചെലവഴിക്കേണ്ടവരുമാണ്, കൂടുതൽ നൽകിയവരിൽ നിന്നു ദൈവം കൂടുതൽ പ്രതീക്ഷിക്കുന്നു. "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും (റോമർ 14:12). കർത്താവു നമ്മെ ന്യായം വിധിക്കുന്നതു അവന്റെ വചനത്താൽ അത്രെ (പ്രവൃത്തി 17:31; യോഹന്നാൻ 12:47-48). നമ്മുടെ പ്രവൃത്തികൾ

നല്ലതായാലും തിയ്യതായാലും അതിനു തക്കവണ്ണം പ്രാപി ക്കേണ്ടതിന്നു തന്നെ (2 കൊരിന്ത്യർ 5:10).

മനുഷ്യൻ എന്ത്? ഭൗതികവും ആത്മികവുമായ രണ്ടു ഭാഗമുള്ള വ്യക്തിയാണ്. അവ മാംസവും ആത്മാവുമാണ്. മർത്യനും അമർത്യനുമാണ് അവൻ. അവൻ മരിച്ചാലും ജീവിക്കും. അവൻ നീയും ഞാനുമാണ്. അവൻ ഭൂമിയിൽ വസിക്കുമെങ്കിലും ക്രമേണ മരിക്കുകയും പിന്നെ നിത്യസ്ഥാനമായ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോകുന്നു. അവൻ എത്ര ശ്രേഷ്ഠനാണ്. അവന്റെ ആവശ്യം എത്ര വലുതു, ദൈവവും രക്ഷയും ആണ് അവന്റെ ആവശ്യം. നമുക്കുവേണ്ടി സർവ്വവും ഒരുക്കി തന്ന ദൈവത്തെ നാം ഒരിക്കലും നിരാശപ്പെടുത്തരുത്.

★

# ദൈവത്തിങ്കലേയ്ക്കുള്ള പ്രവേശനം

ജെയ്നി ആൻറണി

മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപ്രവർത്തനങ്ങളെ വിഫലമാക്കുക എന്നതാണ് പിശാചിന്റെ പ്രധാന ലക്ഷ്യം. സാത്താൻ എന്ന വ്യക്തി നരകത്തിനായി വിധിക്കപ്പെട്ടവനാണ്. അവന്റെ വിധി മുദ്രയിടപ്പെട്ടിരിക്കുന്നുവെന്ന് അവന് പൂർണ്ണമായും അറിയാം. ദൈവത്തോടുള്ള തന്റെ ശത്രുത മൂലം തനിക്ക് കഴിവുള്ള ഈ സമയം എല്ലാ മനുഷ്യരേയും നശിപ്പിക്കുവാനാണ് അവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മറുഭാഗത്ത് നിത്യനിരാശയുടേയും, കഷ്ടതയുടേയും നിർണ്ണയിക്കപ്പെട്ട പാതയിലൂടെ നീങ്ങുന്ന മനുഷ്യരേയും

അവർ യാത്ര ചെയ്യുന്ന പാതയിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനായി ദൈവത്തിൻെറ കൃപയുടെ വേലയേയും നാം കാണുന്നു.

ദൈവം മനുഷ്യന് സ്വതന്ത്രമായ ഒരു ഇച്ഛാശക്തി ദാനം ചെയ്തിരിക്കുന്നു. ദൈവത്തിൻെറ സ്നേഹോപഹാരമായ തൻെറ ഓമനപുത്രനെ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യമത്രേ അത്. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുവാനും അവനോടുകൂടി വസിക്കുവാനും അവൻ ആരുടെമേലും സമ്മർദ്ദം ചെലുത്തുന്നില്ല. ആർക്കായാലും യഥാർത്ഥത്തിൽ ദൈവത്തെയോ അല്ലെങ്കിൽ തൻെറ പുത്രനേയോ വേണ്ടാ എങ്കിൽ തൻെറ കരുതലിനെ നിരാകരിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ദൈവം നൽകിയിട്ടുണ്ട്. എന്നാൽ തള്ളിക്കളയുന്നവന് അത് നാശകരമാണ്.

എന്നാൽ ദൈവം ഇന്നും മനുഷ്യരോട് വാദിക്കുന്നു. "എന്നാൽ ദുഷ്ടൻെറ മരണത്തിൽ അല്ല, ദുഷ്ടൻ തൻെറ വഴി വിട്ടു തിരിഞ്ഞ് ജീവിക്കുന്നതിൽ അത്രേ എനിക്ക് ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിൻെറ അരുളപ്പാട്. നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ യിസ്രയേൽ ഗൃഹമേ നിങ്ങൾ എന്തിനു മരിക്കുന്നു എന്ന് അവരോട് പറക (യെഹസ്ക്കേൽ 33:11).

ഭാവിയെ കുറിച്ച് ബൈബിളിൽ ദൈവം ഇങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നതിൻെറ പ്രധാന ഉദ്ദേശം, വരാൻ പോകുന്ന ദൈവക്രോധം നാം തെളിവായി കാണുമ്പോൾ മനുഷ്യർ ദൈവത്തിൻെറ ദയക്കായി അന്വേഷിച്ച് അവൻെറ പക്കലേയ്ക്ക് ഓടിവന്ന് രക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ്. "യഹോവയെ കണ്ടെത്താവുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ: ദുഷ്ടൻ തൻെറ വഴിയേയും നീതികെട്ടവൻ തൻെറ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ: അവൻ അവനോട് കരുണ കാണിക്കും;

നമ്മുടെ ദൈവത്തിങ്കലേയ്ക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും (യെശയ്യാവ് 55:6-7).

ഈ കാലഘട്ടത്തിന്റെ ദുഷ്ടതയും, വഞ്ചനയും ഭക്തി വിരുദ്ധമായ അന്തവിശ്വാസങ്ങളും മററും ആഴത്തിൽ നോക്കി കാണുകയാണെങ്കിൽ ഈ ലോകത്തിന്റെ മേൽ ന്യായവിധി വരേണ്ട കാലം അതിക്രമിച്ചിരിക്കയാണ് എന്ന് വളരെ വ്യക്തമായി കാണാം. എന്നാൽ ദൈവം മനുഷ്യരോട് സദാ കാലവും വാദിച്ചുകൊണ്ടിരിക്കയില്ലയെന്ന് വചനത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിപ്പിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും (2 പത്രൊസ് 3:9-10). ഈ ഏകകാരണം കൊണ്ടാണ് ദൈവം തന്റെ ന്യായവിധിയെ തടുത്തുവച്ചിരിക്കുന്നത്.

ഈ അന്ത്യകാലത്ത് ക്രിസ്തു തന്റെ ശരീരമായ സത്യസഭയിലേയ്ക്ക് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി ചേർത്തുകൊണ്ടിരിക്കുന്നു (റോമർ 16:16). പിതാവിന്റെ ഭവനത്തിലേയ്ക്ക് ചേർക്കപ്പെടുന്ന ആ അനുഗ്രഹീത സംഘത്തിൽ ഉൾപ്പെടുവാനുള്ള അവകാശം എല്ലാ മനുഷ്യർക്കും ഉണ്ട്. എന്നാൽ അനുസരണക്കേട് അവന്റെ അല്ലെങ്കിൽ അവളുടെ നാശത്തിന് വിധേയമായ നിത്യനരകാഗ്നിയിലേയ്ക്ക് പോകുവാനാണ് ഇട നൽകുന്നത്. ചിലർ പിന്നീടാവട്ടെ എന്ന് പറഞ്ഞ് ദൈവത്തിന്റെ കൃപയെ തള്ളിക്കളയുന്നു. എന്നാൽ ഇപ്പോഴാം രക്ഷിക്കപ്പെടുവാനാണ് ദൈവം നമ്മോട് കൽപിക്കുന്നത്. "ഇപ്പോഴാം ആകുന്നു സുപ്രസാദകാലം ഇപ്പോഴാം ആകുന്നു രക്ഷാദിവസം (2 കൊരിന്ത്യർ 6:2).

ദൈവം പാപികളായ നമ്മോട് വചനത്തിലൂടെ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നു. അതിനാൽ നമ്മുടെ പാപം സദാ ഭാരപ്പെടുത്തി ആത്മാവിനെ വേദനിപ്പിക്കുന്നു. അവയിൽ നിന്നും മോചനം ലഭിക്കണമെന്നും നാം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ നാളെ നമുക്ക് എന്തു സംഭവിക്കും എന്ന കാര്യത്തിൽ യാതൊരു ഉറപ്പും ഇല്ല. ഒരു പക്ഷേ നിത്യനരകമായിരിക്കാം നമുക്കു കിട്ടുന്ന ഫലം. നമ്മുടെ ജീവിതത്തിലെ ഏററവും പരമപ്രധാനമായ നിത്യതയുടെ പ്രശ്നത്തിന് ഉറപ്പ് വരുത്താതെ പോകുന്നത് നമ്മൾ ചെയ്യുന്ന ഏററവും വലിയ ഭോഷത്വമാണ്. എന്നാൽ നമ്മെ ഭയപ്പെടുത്തുന്ന ചില വസ്തുതകൾ ആവാം അതിനു കാരണം. ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നതിന് തടസ്സമായ നിലയിൽ നാം വിടാതെ മുറുകെ പിടിക്കുന്ന ചില പാപങ്ങൾ ആയിരിക്കാം അവ. ആ പ്രത്യേക വസ്തുത, പ്രത്യേക പാപം, പ്രത്യേക അഭിലാഷം, പ്രത്യേക വ്യക്തി, ദൈവതുല്യമായ ഒന്ന്. അത് എന്തു തന്നെ ആയാലും നമ്മുടെ നിത്യനാശത്തിന് കാരണമായി ഭവിക്കുന്നു. എത്ര പാപിയായ മനുഷ്യനും രക്ഷിക്കപ്പെടുവാനായി ദൈവത്തിന്റെ വിലയേറിയ വാഗ്ദത്തങ്ങൾ നമുക്കു നൽകപ്പെട്ടിട്ടുണ്ട്. നമ്മുടെ പാപങ്ങളെ ഏററുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:9).

നീതിമാനും, വിശ്വസ്തനുമായ ദൈവത്തിന്റെ കൽപനകളെ അനുസരിച്ചാൽ നമ്മുടെ ആത്മരക്ഷയുടെ കാര്യം ഇവിടെ ഉറപ്പു നൽകുന്നു (യോഹ. 3:16). കാൽവരിയിലെ ക്രൂശിൽ നമുക്കായി കഠിന വേദനകൾ അനുഭവിച്ച് സ്വന്ത പുത്രനെ ദൈവം ഏൽപിച്ചെങ്കിൽ അവന്റെ പുത്രനിൽ നമ്മൾ ഹൃദയപൂർവ്വം ജീവിക്കേണ്ടതാകുന്നു

★

# സ്ത്രീകൾക്ക് പ്രാർത്ഥിക്കാമോ?

ബെററി B. C.

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അതുകൊണ്ട് ക്രിസ്ത്യാനികളായി തീർന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും ദൈവമുൻപാകെ തുല്യവിലയുണ്ട്. രണ്ടു കൂട്ടർക്കും പ്രാർത്ഥിക്കാനും ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കാനും കഴിയും. പുതിയ നിയമത്തിലെ പ്രവർത്തനമേഖലകളിൽ ചില നിയന്ത്രണങ്ങൾ നൽകിയിട്ടുണ്ട്. അതു സ്ത്രീകളുടേയും പുരുഷൻമാരുടേയും പങ്കു അനുചിതമായി പ്രവർത്തിക്കുവാനാണ്. പരിശുദ്ധാത്മാവിനാൽ ശ്വാസിയനായ പൌലോസ് തിമൊഥെയോസിന് എഴുതുമ്പോൾ "സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വാ, ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഭംഗിയായി, ഉചിതമായി എല്ലാ കാര്യങ്ങളും നടക്കണം എന്ന ഉദ്ദേശമാണ് ഇതിൽ അന്തർലീനമായിരിക്കുന്നതു എന്നു നാം അറിഞ്ഞിരിക്കണം. അതുകൊണ്ട്, സ്ത്രീ പുരുഷനിൽ നിന്നും എടുത്തിരിക്കയാലും, ഹവ്വയും ആദാമും ദൈവത്തോടു അനുസരണക്കേടു പ്രവർത്തിച്ചതിനാലും ദൈവം പുരുഷനെ കുടുംബത്തിന്റെ തലയാക്കി വെച്ചിരിക്കുന്നു. തന്നിൽ ആശ്രയിച്ച് ജീവിക്കുന്ന ഭാര്യയെയും കുട്ടികളേയും സംരക്ഷിച്ച് പോററി പുലർത്തു

വാൻ പുരുഷനെയാണ് ദൈവം ആക്കിയിരിക്കുന്നതു. പരസ്യമായ ആരാധനയിലും പുരുഷൻമാരുടെ നായകത്വം ദൈവത്താൽ നിയോഗിക്കപ്പെട്ടതാകകൊണ്ടു സ്ത്രീകൾ അതു ആദരവോടുകൂടി അംഗീകരിക്കണം. അല്ലെങ്കിൽ ദൈവവ്യവസ്ഥയോടു മൽസരിക്കുന്നവരായി തെററുകാരാകും.

എങ്ങനെയായാലും പൊതുവായ ആരാധനക്കു പുറമെ സ്ത്രീകൾ നൻമ ഉപദേശിക്കേണ്ടവരാണ് എന്ന കാര്യം മറക്കരുതു. വൃദ്ധമാരും അങ്ങനെ തന്നെ നടപ്പിൽ പവിത്രയോഗ്യരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെടാത്തവരുമായിരിക്കേണം എന്നും ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൌവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നൻമ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക. (തീത്തൊസ് 2:3-5).

കുടുംബത്തിനുവേണ്ടി ദൈവനിശ്ചയപ്രകാരമുള്ള വ്യവസ്ഥയെ മനസിലാക്കി അംഗീകരിക്കുകയാണെങ്കിൽ സ്ത്രീകളെ കുറിച്ചു കരുതുന്ന പുരുഷൻമാരുടെ നേതൃത്വം ഒരിക്കലും അവളെ തരം താഴ്ത്തുന്നില്ല എന്നു കാണാം. തന്നെയുമല്ല, പുരുഷൻമാരുടെ ആത്മാക്കളും സ്ത്രീകളുടെ ആത്മാക്കളും ദൈവമുൻപാകെ തുല്യമാണ് എന്നു കൂടെ അതു വ്യക്തമാക്കുന്നു. ശാരീരികമായ ഉത്തരവാദിത്വം സ്ത്രീക്കും പുരുഷനും വ്യത്യസ്ഥമാണ് എന്നു സമ്മതിക്കാത്തവർ ആരും കാണുകയില്ലല്ലൊ. അപ്പോൾ പിന്നെ ആത്മീയ ചുമതലയിലും വ്യത്യാസം കൂടിയേ തീരു എന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്. അതുകൊണ്ട് ക്രിസ്തീയ ജീവിതത്തിൽ സ്ത്രീക്കാണെങ്കിലും പുരുഷനാണെങ്കിലും ദൈവത്തോടുള്ള ബന്ധത്തിൽ തിരുവെഴുത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഓരോന്നും നാം അനുസരിക്കേണ്ടവരാണ്.

ദൈവത്തോടുള്ള പ്രാർത്ഥനയിൽ സ്ത്രീക്കു അവളു ടെ ഹൃദയവും ശബ്ദവും ഉയർത്തി പ്രാർത്ഥിക്കാമോ? "ഇട വിടാതെ പ്രാർത്ഥിപ്പിൻ" എന്നു വചനം പഠിപ്പിക്കു ന്നു (1തെസ്സലൊനിക്യർ 5:17). അതുകൊണ്ടു കരുണ ലഭി പ്പാനും തൽസമയത്തു സഹായത്തിനായുള്ള കൃപ പ്രാപി പ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക (എബ്രായർ 4:6). സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥി ച്ചും അതിനായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധൻ മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥി രത കാണിപ്പിൻ (എഫെസ്യർ 6:18). പ്രാർത്ഥനെക്കു നാം സുബോധമുള്ളവരും നിർമ്മദരുമായിരിക്കണം എന്നു പത്രോസ് നമ്മെ പഠിപ്പിക്കുന്നു (1 പത്രൊസ് 4:7).

ദൈവിക വിചാരങ്ങൾ അവന്റെ വചനമായ ബൈബി ളിൽ എഴുതിയിരിക്കുന്നു. നമുക്കു ദൈവത്തോടുള്ള വി ചാരങ്ങൾ പ്രാർത്ഥനയിൽ വരുന്നു. ദൈവത്തിന്റെ മക്കൾ എന്ന നിലക്കു ഏതൊരു സ്ത്രീക്കും ഇത്തരത്തിലുള്ള ആശ യവിനിമയത്തിനു അവസരം ഇരിക്കെ ആശങ്കപ്പെടേണ്ട കാര്യ മില്ല. ദൈവത്തിന്റെ പ്രോൽസാഹജനകമായ ഉപദേശങ്ങളെ നാം ബഹുമാനപുരസരം ജീവിതത്തിൽ പകർത്തുക. അതാ ണ് നമ്മുടെ അവകാശസംരക്ഷണത്തിനു അത്യാവശ്യമായി വേണ്ടതു.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ദൈവ ആജ്ഞ പ്രകാരം ഇസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും മോചിപ്പിച്ചുകൊണ്ടുവന്ന ഒരു പ്രവാചകനാണു മോശെ. അദ്ദേഹത്തിൻെറ കാലഘട്ടത്തിൽ പെഥോർ എന്ന സ്ഥലത്തു ജീവിച്ചിരുന്ന മററൊരു പ്രവാചകനാണു ബെയോരിൻെറ മകൻ ബിലെയാം (സംഖ്യ 22:5). മോശെ ഇസ്രായേൽ ജനത്തെയും കൊണ്ടു യാത്ര പുറപ്പെട്ടു. വഴി മദ്ധ്യേ അവർ മോവാബ് സമഭൂമിയിൽ പാളയമിറങ്ങി. (സംഖ്യ 22:1) അന്നു മോവാബ് ദേശം ഭരിച്ചിരുന്നത് സിപ്പോരിൻെറ മകൻ ബാലാക് ആയിരുന്നു (സംഖ്യ 22:4) അവൻ ഇസ്രായേൽ ജനത്തെ കണ്ടു ഭയന്നു. അവർ അവനെയും രാജ്യത്തെയും ആക്രമിച്ചു കീഴടക്കുവാൻ വന്നിരിക്കുന്നുവെന്നു പേടിച്ചു. ആ ഭയം പ്രവാചകനായ ബിലെയാമിനെ ക്ഷണിക്കുവാൻ അവനെ പ്രേരിപ്പിച്ചു. അതിനായി അവൻ മോവാബ്യ പ്രഭുക്കൻമാരെ അയച്ചു. ഇസ്രായേൽ ജനത്തെ ശപിക്കുവാൻ വേണ്ടി മാത്രമായിരുന്നു അവൻ ബിലെയാമിനെ ക്ഷണിച്ചത്. മോവാബ്യ പ്രഭുക്കൻമാർ പെഥോരിൽ എത്തി ബിലെയാമിനെ കണ്ടു വിവരങ്ങൾ ധരിപ്പിച്ചു. രാജകൽപനപ്രകാരം അവർ അവനെ മോവാബ്യ ദേശത്തേയ്ക്കു ക്ഷണിച്ചു.

അവൻ ദൈവത്തിൻെറ അരുളപ്പാടിനായി പ്രാർത്ഥിച്ചു. അവരോടുകൂടി അവൻ പോകരുതെന്നു ദൈവം വിലക്കി. അവൻ അതു അനുസരിച്ചു (സംഖ്യ 22:6-13). പ്രഭുക്കന്മാർ തിരികെ ചെന്നു ബാലാക്കിനെ വിവരം ധരിപ്പിച്ചു.

ആ വിവരം കേട്ടു അവൻ അടങ്ങി ഇരുന്നില്ല. അവരെക്കാൾ മാന്യന്മാരായ പ്രഭുക്കന്മാരെ അവൻ വീണ്ടും ബിലെയാമിന്റെ അടുക്കലേയ്ക്കു അയച്ചു. അവർ പെഥോരിൽ എത്തി അവനെ വീണ്ടും ക്ഷണിച്ചു. അവൻ ദൈവ അരുളപ്പാടിനായി പ്രാർത്ഥിച്ചു. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഇസ്രായേൽ ജനത്തെ ശപിക്കാതെ ദൈവം വെളിപ്പെടുത്തി കൊടുക്കുന്നതു മാത്രമേ പറയാവു എന്ന നിബന്ധനയോടുകൂടി അവരോടൊപ്പം പോകുവാൻ ദൈവം അവനെ അനുവദിച്ചു. അവൻ ദൈവത്തോടു പറഞ്ഞ കാര്യം ഇന്നും നമ്മെ ഏവരേയും ചിന്തിപ്പിക്കുവാൻ ഉതകുന്നതാണ്. "ബാലാക്ക് തന്റെ ഗൃഹം നിറച്ചു വെള്ളിയും പൊന്നും എനിക്കു തന്നാലും എന്റെ ദൈവമായ യഹോവയുടെ കല്പന ലംഘിച്ചു ഏറെയോ കുറെയോ ചെയ്വാൻ എനിക്കു കഴിയുന്നതല്ല" (സംഖ്യ 22:14). ഇന്നു നമ്മളിൽ എത്ര പേർക്കു ഇതു പറയുവാൻ കഴിയും. പണത്തിനു വേണ്ടി ഓടി നടക്കുന്ന നാം ദൈവനിയമങ്ങളെ എത്ര കണ്ടു അനുസരിക്കുന്നു? നമ്മെ ആത്മീകമായി ദൈവ സന്നിധിയിലേയ്ക്കു നയിക്കുന്നുവെന്നു അവകാശപ്പെടുന്ന ആത്മീക നേതാക്കന്മാരും, ദൈവ നിയമങ്ങളാൽ മനുഷ്യരെ ഭരിക്കപ്പെടുന്ന രാഷ്ട്രീയ നേതാക്കന്മാരും ബിലെയാമിനെപ്പോലെ പെരുമാറുന്നുണ്ടോ? വായനക്കാർ തന്നെ സ്വയം ചിന്തിക്കട്ടെ.

ബിലെയാം ദൈവ സമ്മതത്തോടുകൂടി മോവാബ് ദേശത്തേയ്ക്കു പ്രഭുക്കൻമാരോടൊപ്പം പുറപ്പെട്ടു. വഴിമദ്ധ്യേ ഊരിപിടിച്ച വാളുമായി ഒരു ദൈവദൂതൻ നിന്നിരുന്നു. ബിലെയാമിനു അവനെ കാണുവാൻ കഴിഞ്ഞില്ല. എന്നാൽ അവൻ സഞ്ചരിച്ചിരുന്ന കഴുത അവനെ കണ്ടു വഴി മാറിപ്പോയി. അവൻ കഴുതയെ കഠിനമായി തല്ലി. തല്ലുകൊണ്ടു ക്ഷീണിച്ച കഴുത, ദൈവം അനുവദിച്ചതിനാൽ അവനോടു സംസാരിച്ചു. വഴി മാറിപ്പോകാൻ ഉണ്ടായ കാരണം കഴുത അവനു വിവരിച്ചുകൊടുത്തു. ദൈവം ബിലെയാമിന്റെ

കണ്ണു തുറന്നു. അവൻ ദൈവദൂതനെ കണ്ടു, നമസ്ക്കരിച്ചു. കഴുതയെ അറിയാതെ ഉപദ്രവിച്ചതിനു ക്ഷമ ചോദിക്കുകയും ചെയ്തു. അനിഷ്ടമാണെങ്കിൽ തിരികെ മടങ്ങി പോകാമെന്നും അവൻ ദൈവദൂതനോടു പറഞ്ഞു. ദൈവം വെളിപ്പെടുത്തുന്നതിനപ്പുറം ഒന്നും പറഞ്ഞുപോകരുതെന്ന താക്കീതോടുകൂടി മോവാബ്യ പ്രഭുക്കൻമാരോടൊപ്പം അവനെ പോകുവാൻ ദൈവദൂതൻ അനുവദിച്ചു (സംഖ്യ. 22:21-35).

(ശേഷം അടുത്ത ലക്കത്തിൽ)

★

സ്ത്രീകൾക്കുവേണ്ടി

# അധികാരഗർവ്വുള്ള സ്ത്രീ

ബെററി B. C

തന്റെ കുടുംബത്തിൽ നായകത്വം നടത്തുവാൻ ഇഷ്ടപ്പെടുന്ന ഒരു സ്ത്രീയെ എനിക്ക് അറിയാം. അവൾ പറയുന്നതു അതുപോലെ തന്നെ അവളുടെ ഭർത്താവ് ചെയ്യും. അവളുടെ മക്കൾ എന്തുചെയ്യുവാൻ ആഗ്രഹിച്ചാലും അതിനുള്ള അനുവാദത്തിനായി അവളുടെ അടുക്കൽ ചെല്ലും. മൂർച്ചയേറിയ നാവും മുൻകോപവുമുള്ള ഒരു സ്ത്രീയാണ് അവർ. താല്ക്കാലികമായ എതിർപ്പുകൾ നേരിടേണ്ടി വരുമ്പോൾ അവൾ ഒന്നുകിൽ തലവേദനയോ അല്ലെങ്കിൽ മറെറന്തെങ്കിലുമോ അസുഖം നടിക്കും. അങ്ങനെ സഹതാപത്തിലൂടെ അവളുടെ ഇംഗിതം നിറവേററുവാൻ ശ്രമിക്കുന്നതു കാണാം.

അവളുടെ പെരുമാററത്തിൽ അവൾ ചെയ്യുന്നതാണ് ശരി എന്ന ചിന്ത ഇവിടെ ദുഃഖകരമായ ഒരു പ്രവണതയാണ്. കുടുംബത്തെ കുറിച്ചും സ്ത്രീയെ കുറിച്ചും ദൈവത്തിൻെറ ചിന്തയും പദ്ധതിയും ഒന്നും അവൾ തിരിച്ചറിയുന്നില്ല. അതുകൊണ്ട് അവൾ പരാജയപ്പെടുകയാണ്. (എഫെസ്യർ 5:22) പഠിപ്പിക്കുന്നതു, ''ഭാര്യമാരേ, കർത്താവിന്നു എന്ന പോലെ സ്വന്ത ഭർത്താക്കൻമാർക്കു കീഴടങ്ങുവിൻ, ഭർത്താവു ഭാര്യക്കു തലയാകുന്നു.

ഒരു സ്ത്രീ തന്നെത്തന്നെ കുടുംബത്തിൻെറ തലയാക്കിതീർത്താൽ അവൾ തൻെറ കുടുംബത്തിന് എന്തു ചെയ്യും ?

1. ഒരു സ്ത്രീക്കു സ്വാഭാവികമായി ഉണ്ടായിരിക്കേണ്ട മൃദുലതയെയും സ്നേഹിക്കുവാനുള്ള കഴിവിനേയും അവൾ സ്വയമായി കവർന്നു കളയുന്നു. പകരം അവൾ നിർബ്ബന്ധ പൂർവ്വം ആവശ്യപ്പെടാനും അസ്സഹിഷ്ണുത നിമിത്തം ദ്വേഷ്യം പൂണ്ട് വഴക്കുണ്ടാക്കുവാനും തുടങ്ങും. ഈ പ്രവൃത്തികളും സ്വഭാവങ്ങളും അവൾ വളരുന്തോറും അധികം മോശമായിതീരും. അധികാര ഗർവ്വുള്ള ചില സ്ത്രീകൾ സ്നേഹിക്കപ്പെടാറുണ്ട്. മററുള്ളവർ ആ സ്വഭാവം പൊറുക്കുന്നതുകൊണ്ടാണ്. പക്ഷെ ആരും ഇങ്ങനെയുള്ളവരുമായി കൂട്ടു കൂടുവാൻ താല്പര്യപ്പെടുകയില്ല.

2. ഈ സ്ത്രീ, തൻെറ ഭർത്താവിൻെറ ആത്മാഭിമാനത്തെയും മുൻകൈ എടുക്കലിനെയും കവർന്നു കളയുന്നു. ഒരു പക്ഷെ, വിവാഹം കഴിഞ്ഞ പ്രാരംഭഘട്ടത്തിൽ, തൻെറ ഭർത്താവിൽ അവൾക്കു സുരക്ഷിതത്വമില്ലായ്മയും നിശ്ചയമില്ലായ്മയും തോന്നിയിരിക്കാം. ആ ഭാര്യ തൻെറ ഭർത്താവിനെ കീഴ്പ്പെടുത്തി ഭരിക്കുന്നതിനാൽ അവൻെറ ആത്മവിശ്വാസത്തെ എടുത്തുകളയുകയാണ് ചെയ്യുന്നത്. പൂർണ്ണമായി, ഒരു ഭർത്താവെന്ന നിലയിൽ അവൻെറ നായകത്വം പുരുഷത്വത്തോടെ നിർവ്വഹിക്കുവാൻ അവൻെറ ഭാര്യ അവ

സരം എടുത്തുകളയുന്നു എന്നു പറയാം. ഇങ്ങനെയുള്ള വിശ്വാസക്കുറവുമൂലം തൻെറ പ്രവൃത്തികൾ വളർത്തിയെടുക്കാനോ മററു മേഖലകളിൽ വിശ്വാസം അർപ്പിക്കുവാനോ സാധിക്കാതെ വരുന്നു. പ്രോൽസാഹനജനകമായി ഇവരെ ഏതു കാര്യത്തിലും ഉത്തേജിപ്പിക്കുകയാണെങ്കിൽ അവരുടെ കഴിവുകൾ കണ്ട് നമുക്കു ചാരിതാർത്ഥ്യം അടയാൻ കഴിയും.

3. തൻെറ ഭർത്താവിനോടു കുട്ടികൾക്കും മററുള്ളവർക്കും ഉള്ള ബഹുമാനം കവർന്നു കളയുകയാണ് അവൾ. വർഷങ്ങളായി ഭാര്യ തൻെറ ശക്തി നിമിത്തം ഭർത്താവിനെ ഒതുക്കിനിർത്തിയതുകൊണ്ട് ക്രമേണ അയാൾ താഴ്ന്നു കൊടുക്കുന്നു. അതുകൊണ്ട് കുട്ടികൾക്കു അയാളോടു അവജ്ഞതോന്നുകയും ചെയ്യും. ഈ അവസരത്തിൽ അയാൾ അവരെ അച്ചടക്കത്തിൽ കൊണ്ടുവരാനോ നയിക്കുവാനോ ഒരുമ്പെട്ടാൽ അയാളെ അനുസരിക്കുന്നതിനുപകരം പരിഹസിക്കുകയോ പുച്ഛരിക്കുകയോ ചെയ്തെന്നു വരാം. ഇതിനു കുട്ടികളെ കുററപ്പെടുത്തുന്നതു ബുദ്ധിയല്ല, കാരണം അതിനു ഉത്തരവാദി അവരല്ലല്ലൊ.

4. കുടുംബ ബന്ധത്തിലും കുടുംബ ജീവിതത്തിലും മക്കൾക്കുണ്ടാകേണ്ട ശരിയായ വീക്ഷണത്തെ അവർ കവർന്നു കളയുന്നു. അവളുടെ ആൺമക്കൾ വളർന്നു വലുതാകുമ്പോൾ അവർക്കു ശരിയായ ഉപദേശമോ പരിശീലനമോ കിട്ടാതെ അവർ വീട്ടിൽ കാണുന്നതായ മാതൃക സ്വീകരിക്കും. ഭർത്താവെന്ന നിലയിലും പിതാവെന്ന നിലയിലും അവർക്കു തങ്ങളുടെ പിതാവിൽ നിന്നും കിട്ടിയ അനുഭവങ്ങൾ അവർ പകർത്തിയേക്കാം. സാധാരണ ഇത്തരം കുട്ടികൾ ഒന്നുകിൽ ഇങ്ങേയററം അല്ലെങ്കിൽ അങ്ങേയററം ആയി മാറും. ചുരുക്കി പറഞ്ഞാൽ അനിയന്ത്രിതമായ ഒരവസ്ഥയായിരിക്കും അവരിൽ വളരുന്നതു. ഒന്നുകിൽ അവരുടെ പിതാവിനെ പോലെ ശാന്തസ്വഭാവക്കാരായി മാറും അല്ലെങ്കിൽ മാതാവിനെ പോലെ കർക്കശവും ക്രൂരവുമായി മാറും.

ഇവരുടെ പെൺമക്കൾക്കും പ്രശ്നങ്ങൾ ഉണ്ടാകും. അവരുടെ പരിശീലനം അമ്മയുടേതാണ്. വിവാഹം കഴിഞ്ഞ് ഭർത്താക്കൻമാരുടെ വീടുകളിൽ ചെല്ലുന്ന പെൺകുട്ടികൾ അവരുടെ അമ്മയുടെ സ്വഭാവം ഭർത്താക്കൻമാരോടു എടുക്കും. അവിടെ കുഴപ്പം ആരംഭിക്കും. ഈ ഭർത്താക്കന്മാർ ഈ പെൺകുട്ടികൾക്കു വഴങ്ങിക്കൊടുക്കാതെ വരുമ്പോൾ അവരുടെ ദാമ്പത്യജീവിതം ദുസ്സഹമായി മാറും. അങ്ങനെ ആ കുടുംബത്തിൽ എല്ലായ്പോഴും അധികാരത്തിനും ഭരണത്തിനും വേണ്ടിയുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കും.

കുടുംബത്തിന്റെ ക്രമവും ചിട്ടയും രൂപപ്പെടുത്തുമ്പോൾ തന്നെ ദൈവം ഇതെല്ലാം അറിഞ്ഞുകൊണ്ടാണ് ചെയ്തതു. ആത്മവിശ്വാസത്തിലും നയിക്കുവാനുള്ള കഴിവിലും പക്വതയിലേക്കു വളർന്ന ഭർത്താവ്, തന്നെ ഭാര്യ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യുമ്പോൾ, കുട്ടികൾ സ്നേഹത്തോടെ അനുസരിക്കുമ്പോൾ സന്തുഷ്ടനായി കാണപ്പെടുന്നു. സ്നേഹിക്കപ്പെടുകയും കരുതപ്പെടുകയും തന്റെ ഭർത്താവിനോടുള്ള ബഹുമാനവും ആദരവും തന്റെ കുട്ടികളിൽ നിന്നും ലഭിക്കുമ്പോൾ അവൾക്കും ചുററുമുള്ള എല്ലാവർക്കും അവൾ സന്തോഷവതിയായ ഒരു ഭാര്യയായി കാണപ്പെടും. കുട്ടികൾക്കു, പിതാവിന്റെ കരുതലും അമ്മയുടെ സ്നേഹപരിലാളനവും ഒത്തു ചേർന്ന് തങ്ങളുടെ ജീവിതം നിയന്ത്രിതമായി ആസ്വദിക്കാൻ കഴിയും.

ദൈവം രൂപപ്പെടുത്തിയ ഭവനത്തിൽ നമുക്കു ആർക്കെങ്കിലും ആണ് ഏററവും നന്നായി അതിനെ നമ്മുടെ വഴിയിൽ കൊണ്ടുപോകുവാൻ കഴിയുക എന്ന ചിന്താഗതി നാം ദൈവത്തെ മാററിനിർത്തുന്നതിനു തുല്യമായി മാറുന്നു. അങ്ങനെയുള്ള കുടുംബം അരാജകത്വത്തിലേക്കും പരാജയത്തിലേക്കും നീങ്ങുന്നതിന് ആരെയും പഴിച്ചിട്ടു കാര്യമില്ല.

★

കവിത

# കാണാതെപോയ ആട്

E. K. തേപ്പുപാറ

വേലിചാടിയ വെള്ളാട്ടേ കുഞ്ഞാടേ,
കാട്ടിലിങ്ങനെ തിന്നു മതിച്ചു നീ.
കൂട്ടം വിട്ടതും കൂടു മാറുന്നതും,
ഇന്നു നീ അറിയുന്നതുമില്ലടോ.
എന്തൊരാനന്ദം കാട്ടിലെ ജീവിതം
എന്നു നീ മനക്കാമ്പിൽ കരുതിയും.
മുററു കാട്ടിലെ പുള്ളിപ്പുലിയത്,
കാളിപ്പല്ലും കൊണ്ടോടിയടുത്തതും.
എന്തു ചെയ്യുമെന്നോർക്കുകിൽ കുഞ്ഞാടും,
പെട്ടെന്നയ്യം വിളിച്ചു കരഞ്ഞതും.
തേടി തേടിയലയുന്നൊരെന്നെയും,
കാണായ്കിൽ കരയുന്നെജമാനനും.
നല്ലിടയനൊരാളുകരംക്കായി തൻ,
ജീവനെ ബലി അർപ്പിച്ചതോർക്കുകിൽ,
എന്തിനിങ്ങനെ കാട്ടിലലയുന്നു,
പോയിചേരുക നാട്ടിലെ കൂടതിൽ,
വായെൻ കുഞ്ഞാടെയെന്നു വിളിക്കുമേ,
എന്ന കർതൃം മറന്നു ക്ഷമിക്കുമെ.
നോക്കുകിലൊരു ഘോരമാം പെൺപുലി,
ഓടിവന്നതും കുഞ്ഞാടിൻ മേലതിൽ
വേലി ചാടി വെള്ളാടാം കുഞ്ഞാടും,
ഓടിച്ചെന്നതാം പണ്ടത്തെ കൂടതിൽ.
നല്ലിടയൻ കുഞ്ഞാടിനെ കരുതും,
ഓടിച്ചെന്നങ്ങു വാരിപ്പുണർന്നതും.

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

**സാജു ജോർജ്ജ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു ..........അൽപകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി'' വെളിപ്പാട് 6:9-11. ''ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; **വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ** എനിക്കു കാംക്ഷയുണ്ട് അതു അത്യുത്തമമല്ലോ...; (ഫിലിപ്പിയർ 1:23-24 )

(യേശു പറഞ്ഞു) ''ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേയ്ക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന **അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി** ദൂരത്തുനിന്നു അബ്രഹാമിനെയും കണ്ടു'' (ലൂക്കോസ് 16:22-23.)

## യെശയ്യാവ് 9:6

''നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അൽഭുതമന്ത്രി, വീരനാം ദൈവം, നിത്യ പിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും''.

വീരനാം ദൈവം എന്ന വിശേഷണത്തിലൂടെ ഈ പ്രവചനഭാഗത്തിൽ ഉദ്ധരിച്ചിരിക്കുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ് എന്ന കാര്യത്തിൽ യഹോവ സാക്ഷികൾക്ക് യാതൊരു സംശയവുമില്ല. പക്ഷേ ഈ പുത്രൻ 'ഒരു ദൈവം' (**'a god'**—അനേകരിൽ ഒന്ന്) മാത്രമാണെന്ന് അവർ വാദിക്കും. 1 കൊരിന്ത്യർ 8:5-അവർ ഉദ്ധരിക്കുകയും ചെയ്യും.

2 കൊരിന്ത്യർ 4:4-ൽ ഈ ലോകത്തിന്റെ ദൈവം എന്ന് പിശാചിനെ (സാത്താനെ) സൂചിപ്പിക്കുന്നതുപോലെ ഒരു ദൈവം മാത്രമാണ് ക്രിസ്തു എന്നാണ് അവരുടെ വാദം. ക്രിസ്തു ഒരു സൃഷ്ടി. അതായത് ഒരു മാലാഖയാണ് എന്ന് അവർ വിശ്വസിക്കുന്നു. വീക്ഷാഗോപുരസിദ്ധാന്ത പ്രകാരം യേശുക്രിസ്തു ഒരിക്കലും സർവ്വശക്തനായ ദൈവമല്ല എന്ന് അവർ ഉറപ്പിച്ച് പറയുകയും ചെയ്യും.

അങ്ങനെ വീക്ഷാഗോപുരക്കാർക്ക് രണ്ടു ദൈവങ്ങളാണുള്ളത്. ഒരു വലിയ ദൈവവും ഒരു ചെറിയ ദൈവവും. സർവ്വശക്തനായ യഹോവയും, വീരനാം ദൈവമായ യേശുക്രിസ്തുവും. സർവ്വ ആരാധനയ്ക്കും യോഗ്യൻ സർവ്വശക്തനായ യഹോവയാണ് എങ്കിലും ഒരു ഔദാര്യമെന്ന നിലയിൽ യേശുവിനെയും 'ദൈവം' എന്നു പറയുന്നു എന്നതുപോലെ!

നിങ്ങൾ ഏക സത്യ ദൈവത്തിൽ വിശ്വസിക്കുന്നുവോ എന്ന ചോദ്യത്തിന് അവർ 'ഉവ്വ്' എന്ന് ധൈര്യമായിതന്നെ പറയും. ആരാണ് ആ സത്യദൈവമെന്ന ചോദ്യത്തിന് "യഹോവ" എന്നായിരിക്കും ഉത്തരം (1 യോഹന്നാൻ 5:20 ഈ സമയത്ത് നാം ഓർത്തിരിക്കുക). ഉടനെ യെശ. 9:6-ൽ 'നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു' എന്നു തുടങ്ങുന്ന ഭാഗത്തിൽ വീരനാം ദൈവമെന്ന് പറയുന്നത് ആരെക്കുറിച്ചാണ് എന്ന ചോദ്യത്തിന് - യേശുവാണ് വീരനാം ദൈവം എന്നായിരിക്കും ഉത്തരം. യേശുവാണോ ഏകസത്യദൈവം എന്ന് ചോദിച്ചാൽ-'അല്ല' എന്ന് പറയും. യേശു വെറും ഒരു ദൈവം മാത്രമാണ് എന്ന് വീണ്ടും അവതരിപ്പിക്കും. ഈ സമയത്ത് അവരുടെ ഉത്തരപ്രകാരം രണ്ടു കാര്യങ്ങളാണ് നമുക്ക് മനസ്സിലാകുന്നതെന്ന് അറിയിക്കുക. ഒന്ന് (a) യേശുക്രിസ്തു സത്യദൈവമല്ലാത്തതിനാൽ വ്യാജമായ ദൈവമാണ്; അല്ലെങ്കിൽ (b) നിങ്ങൾക്ക് രണ്ടു സത്യദൈവങ്ങൾ ഉണ്ട് എന്നും.

തിരുവചനത്തിലൂടെ സർവ്വശക്തനായ ദൈവവും, വീരനാം ദൈവവും ഒന്നു തന്നെയാണ് എന്ന കാര്യം അവരെ മനസ്സിലാക്കികൊടുക്കുവാൻ ഉയിർത്തെഴുന്നേററ യേശുക്രിസ്തു വീരനാം ദൈവം മാത്രമല്ല സർവ്വശക്തനാണ് എന്നും തെളിയിക്കുന്നു എന്ന കാര്യം ഓർമ്മയിൽ കൊണ്ടുവരുക. കൂടാതെ സർവ്വശക്തനായ ദൈവത്തെ വീരനാം ദൈവം എന്നും വിളിക്കുന്ന കാര്യം കാണിച്ചുകൊടുക്കുക. ആദ്യമായി **എബ്രായർ 1:3–ൽ Jesus Christ is "up holding the universe by his word of power"**–("സകലത്തെയും തൻെറ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ)' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം വായിപ്പിക്കുക. ഇതിനെക്കാളും സർവ്വശക്തമായ അവസ്ഥ എന്താണ്? കൂടാതെ മത്തായി 28:18-ൽ "സ്വർഗ്ഗത്തിലും ഭൂമിയിലും **സകല അധികാരവും** ..." **(all Authority or all power)** യേശുക്രിസ്തുവിനാണ് എന്ന്" രേഖപ്പെടുത്തിയ വചനം കേൾപ്പിക്കുക. സർവ്വശക്തി എന്ന പദത്തിൻെറ നിർവ്വചനവും ഇതു തന്നെയാണ്. ആയതിനാൽ യേശുക്രിസ്തു സർവ്വശക്തൻ **(Almighty)** തന്നെയാണ്.

രണ്ടാമത്–ഏകദൈവമായ യഹോവയിൽ വിശ്വസിക്കുന്ന യഹൂദൻമാരിൽ ഒരാളായ യെശയ്യാപ്രവാചകൻ തൻെറ പുസ്തകത്തിൽ (9:6-ൽ) **വീരനാം ദൈവം** എന്ന് ഉദ്ധരിച്ചപ്പോൾ അത് ആരെക്കുറിച്ചാണ് എന്നാണ് മനസ്സിലാക്കിയിരുന്നത് ? തീർച്ചയായും അത് യഹോവയെക്കുറിച്ചാണ് എന്നായിരിക്കുമല്ലോ ? വീക്ഷാഗോപുരക്കാരോട് യെശയ്യാവ് 10:20, 21 വായിക്കുവാൻ പറയുക. "അന്നാളിൽ യിസ്രായേലിൽ ശേഷിച്ചവരും യാക്കോബ് ഗൃഹത്തിലെ രക്ഷിതഗണവും തങ്ങളെ അടിച്ചവനെ ഇനി ആശ്രയിക്കാതെ, യിസ്രായേലിൻെറ **പരിശുദ്ധനായ യഹോവയെ** പരമാർത്ഥമായി ആശ്രയിക്കും. ഒരു ശേഷിപ്പു മടങ്ങിവരും; യാക്കോബിൻെറ ശേഷിപ്പ് **വീരനാം ദൈവത്തിങ്കലേക്കു** മടങ്ങിവരും" ഈ ഭാഗത്ത് യെശയ്യാപ്രവാചകനി

ലൂടെ. ദൈവപ്രചോദിതമായ വചനം വ്യക്തമായി പ്രസ്താവിക്കുന്നു യഹോവ-വീരനാം ദൈവമാണ് എന്ന്.

അവസാനമായി ഈ വസ്തുത ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നതിനായി യിരെമ്യാവ് 32:18-ലേയ്ക്ക് തിരിയുക. (അവരുടെ **NWT**-ൽ തന്നെ നോക്കാവുന്നതാണ്). വായിക്കുന്നതിനുമുൻപായി അവരെ ഓർമ്മിപ്പിക്കണം-വീക്ഷാഗോപുര ഉപദേശപ്രകാരം വീരനാംദൈവവും സർവ്വശക്തനായ ദൈവവും രണ്ടാണല്ലോ എന്ന കാര്യം-അതായത് യേശു വീരനാംദൈവം, യഹോവ സർവ്വശക്തൻ. ഇനി വാക്യം വായിക്കാം''.......മഹത്വവും **വല്ലഭത്വവുമുള്ള ദൈവമേ**, സൈന്യങ്ങളുടെ **യഹോവ** എന്നല്ലോ നിന്റെ നാമം-'' മലയാളപരിഭാഷ ഈ ഭാഗത്ത് ഉപയോഗിക്കുന്ന വാക്കുകൾ തികച്ചും പൂർണ്ണതർജ്ജമയല്ല. ഇംഗ്ലീഷിൽ **"the Great, the Mighty God,** whose name is the LORD of hosts" New world Translation-ൽ "the true God, the great One, **the mighty one Jehovah** of armies being his name." Also read Isaiah 43:10 യേശു mighty God-ആണ്, യഹോവ Mighty God ആണ്. **അപ്പോൾ യേശു ആരാണ്?** (യഹോവ സാക്ഷിക്കാരന് അവന്റെ മനസ്സിൽ യേശുവും യഹോവയും തുല്യനാണ് (Jesus is Jehovah) എന്ന് ഉത്തരം...പുറത്തു പറയുവാൻ സംഘടന കാരണം കഴിയാത്ത മാനസിക അവസ്ഥയിൽ എത്തുന്നു: എത്ര സങ്കടകരമായ ഒരു അവസ്ഥ.) അവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**യെശയ്യാവ് 43:10**

''നിങ്ങൾ എന്റെ സാക്ഷികളും ("You are my Witnesses) യഹോവയുടെ അരുളപ്പാടു'' (Say the LORD")

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

യഹോവയുടെ ആത്മാവു അന്നു മുതൽ ദാവീദിന്മേൽ വന്നു. എന്നാൽ യഹോവയുടെ ആത്മാവ് ശൌലിനെ വിട്ടുമാറി. യഹോവ അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചു'' (1 ശമുവേൽ 16:13, 14). ശെബ്നാ യിസ്രായേലിലെ ഭണ്ഡാരപതിയും രാജധാനി വിചാരകനുമായിരുന്നു. അവന്റെ പ്രവൃത്തികൾ യഹോവയ്ക്കു ഹിതകരമല്ലായിരുന്നു. അതിനാൽ യഹോവ യെശയ്യാപ്രവാചകൻ മുഖാന്തരം അവനെ ദൈവത്തിന്റെ അരുളപ്പാട് അറിയിച്ചു. ''നീ എന്താകുന്നു ഈ ചെയ്യുന്നത് ? നിനക്ക് ഇവിടെ ആരുള്ളു ? ഇവിടെ നീ കല്ലറ വെട്ടിക്കുന്നത് ആർക്കായിട്ടു ?'' (യെശ. 22:16). ശെബ്നാ ഉയർന്ന ഒരു സ്ഥലത്ത് അവനൊരു കല്ലറ വെട്ടിയിരുന്നു. പാറയിൽ ഒരു പാർപ്പിടവും അവൻ കൊത്തി ഉണ്ടാക്കിയിരുന്നു. ദൈവത്തിന്റെ അരുളപ്പാട് വീണ്ടും യെശയ്യാവ് അവനെ അറിയിക്കുന്നത് ''എടോ നിന്നെ യഹോവ തൂക്കിയെടുത്തു ചുഴററി എറിഞ്ഞുകളയും. അവൻ നിന്നെ ഒരു പന്തുപോലെ വിശാലമായോരു ദേശത്തിലേക്ക് ഉരുട്ടിക്കളയും, നിന്റെ യജമാനന്റെ ഗൃഹത്തിന്റെ ലജ്ജയായുള്ളോവേ, അവിടെ നീ മരിക്കും; നിന്റെ മഹത്വമുള്ള രഥങ്ങളും അവിടെയാകും. ഞാൻ നിന്നെ നിന്റെ ഉദ്യോഗത്തിൽ നിന്നു നീക്കിക്കളയും; നിന്റെ സ്ഥാനത്തു നിന്നു അവൻ നിന്നെ പറിച്ചുകളയും. അന്നാളിൽ ഞാൻ ഹിൽക്കീയാവിന്റെ മകനായി എന്റെ ദാസനായ എല്യാക്കീമിനെ വിളിക്കും. അവനെ ഞാൻ നിന്റെ അങ്കി ധരിപ്പിക്കും. നിന്റെ കച്ചകൊണ്ടു അവനെ അരകെട്ടും. നിന്റെ

അധികാരം ഞാൻ അവൻെറ കയ്യിൽ ഏൽപ്പിക്കും; അവൻ യെരുശലേംനിവാസികൾക്കും യെഹൂദാ ഗൃഹത്തിന്നും ഒരു അപ്പനായിരിക്കും (യെശ. 22:17-21).

യേശുവിനെ പിടിച്ചു കൊന്നവർക്ക് വഴി കാട്ടിയായിരുന്നവനും അപ്പോസ്തലന്മാരിൽ ഒരുവനുമായ ഈസ്ക്കാര്യോത്ത യൂദാ; അവന് പ്രതിഫലമായി ലഭിച്ച മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതൻമാരുടെയും, മൂപ്പൻമാരുടെയും അടുക്കൽ മടക്കിക്കൊണ്ടുചെന്ന് "ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു ചെന്നു കെട്ടി ഞാന്നു ചത്തുകളഞ്ഞു" (മത്താ. 27:4, 5). "അവൻെറ അദ്ധ്യക്ഷസ്ഥാനം മറെറാരുത്തന്നു ലഭിക്കട്ടെ" (അപ്പോ. 1:20). എന്നുള്ള തിരുവചനനിവൃത്തിക്കായി യേശു തെരഞ്ഞെടുത്ത ശിഷ്യൻമാരുടെകൂടെ എപ്പോഴും ഉണ്ടായിരുന്ന പുരുഷൻമാരിൽ ഒരുവനായ മത്ഥിയാസിനെ യൂദാ ഒഴിഞ്ഞുപോയ ആ സ്ഥാനത്തേക്ക് ചീട്ടിട്ട് തിരഞ്ഞെടുത്തതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (അപ്പോ. 1:25, 26).

മേൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന വ്യക്തികൾ ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങൾ, ഭൗതിക ജീവിതത്തിലെ ചില അഭിലാഷങ്ങൾക്ക് വിധേയരായി മറെറാരുവനിലേക്ക് കൈ മാറിയവരാണ്. ഏററവും വിശിഷ്ടമായവയെ അവർ നിഷേധിച്ചുകളഞ്ഞു. അങ്ങനെ ഉള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നവയാണ് ഇന്നത്തെ ക്രിസ്തീയ മതസംഘടനകൾ മുഴുവനും, ക്രിസ്തുവിൻെറ പേരിൽ അറിയപ്പെടുന്ന ചില സഭകളും അവരോടു കൂട്ടാളികളാണ്. എന്നാൽ ഫിലെദൽഫ്യസഭ അൽപമേ ശക്തിയുള്ളു എങ്കിലും അവർ ദൈവവചനത്തിലും ഉപദേശത്തിലും നില നിന്നവരായിരുന്നു. ദൈവവചനം ഉള്ളതുപോലെ പഠിപ്പിക്കയും ഉപദേശിക്കയും ചെയ്യാത്തവർ ക്രിസ്തുവിൻെറ അനുഗാമികളോ, ക്രിസ്തുവിൻെറ സഭയിലോ ആയിരിക്ക

യില്ല. ''ഞാൻ നിങ്ങളോടു കൽപിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതൻമാർ തന്നേ'' (യോഹ. 15:14). ''നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു കിട്ടും'' (യോഹ. 15:7).

''എന്നെ പകെക്കുന്നവൻ എന്റെ പിതാവിനെയും പകെക്കുന്നു'' (യോഹ. 15:23). യേശുക്രിസ്തുവിന്റെ കൽപനകളെയും ഉപദേശങ്ങളെയും അറിഞ്ഞും അറിയാതെയും നിരസിക്കുന്നവർ യേശുക്രിസ്തുവിനെ പകെയ്ക്കുന്നതിനു തുല്യമാണ്. ദൈവവചനം അംഗീകരിക്കാത്തവരും യേശുക്രിസ്തുവിനെ നിഷേധിക്കുന്നവരും ഇന്നു ലോകത്തിൽ അനവധി ആളുകളുണ്ട്. ഭൂമിയിൽ വഷളത്വം പെരുകുന്തോറും ദൈവത്തെയും, അവന്റെ വചനത്തെയും ചവിട്ടിമെതിക്കപ്പെടുകയാണ്. ആധുനികലോകത്ത് നിരീശ്വരത്വം വളർന്നു വ്യാപിക്കയും ദൈവത്തോടുള്ള യഥാർത്ഥഭക്തിയും, വിശ്വാസവും ഇല്ലാതായി തീരുകയും ചെയ്യുന്നു. ഇവർ അനുഭവിക്കാൻ പോകുന്ന ദൈവത്തിന്റെ ശിക്ഷാവിധി എത്ര ഭയാനകരമാണെന്ന് ബൈബിളിന്റെ താളുകൾ പരിശോധിക്കുമ്പോൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്. ദൈവം വ്യക്തികളുടെമേലും, സമൂഹങ്ങളുടെമേലും രാജ്യങ്ങളിലും തന്റെ ശിക്ഷാവിധി ഇതിനു മുൻപ് വരുത്തിയിട്ടുണ്ട്. ''ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറികളയും, വിടുവിപ്പാൻ ആരുമുണ്ടാകയുമില്ല. തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവനു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും'' (സങ്കീ. 50:22, 23). ''ദുഷ്ടൻമാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്കു തിരിയും. ദരിദ്രനെ എന്നേക്കും മറന്നുപോകയില്ല. സാധുക്കളുടെ പ്രത്യാശക്ക് എന്നും ഭംഗം വരികയുമില്ല'' (സങ്കീ. 9:17, 18). ''ആകാശത്തെ വിരിച്ചു ഭൂമിയുടെ അടിസ്ഥാനങ്ങളെ ഇട്ടവനായി നിന്റെ സൃഷ്ടാവായ യഹോവയെ നീ മറക്കയും പീഡകൻ നശിപ്പി

പ്പാൻ ഒരുങ്ങിവരുന്നു എന്നു വെച്ച് അവൻെറ ക്രോധം നിമിത്തം ദിനംപ്രതി ഇടവിടാതെ പേടിക്കയും ചെയ്യുന്നതെന്ത്" (യെശയ്യാ 51:13). ദൈവത്തെയും അവൻെറ വചനത്തെയും നിഷേധിക്കയും മറക്കുകയും ചെയ്യുന്നവൻ മൂഢനാകുന്നു. "ദൈവം ഇല്ല എന്നു മൂഢൻ തൻെറ ഹൃദയത്തിൽ പറയുന്നു. അവർ വഷളൻമാരായി മ്ലേഛത പ്രവർത്തിക്കുന്നു" (സങ്കീ. 14:1). ഈ ലോകത്തിൻെറ ധനത്തിലും വസ്തുവകകളിലും ജഡീകാനുഭൂതികളിലും മയങ്ങികിടക്കുന്നവരെല്ലാം ദൈവത്തെ മറന്നവരും രക്ഷിക്കപ്പെടാനുള്ള ക്രിസ്തുവിൻെറ സുവിശേഷം നിഷേധിക്കുന്ന മൂഢന്മാരുമാകുന്നു. കർത്താവായ യേശുക്രിസ്തു അങ്ങനെയുള്ള ഒരുവൻെറ അവസ്ഥയെപ്പററി ബൈബിളിൽ ഉപമയായി പറഞ്ഞിട്ടുണ്ട്.

ധനവാനായ ഒരു മനുഷ്യൻെറ ഭൂമി ഒരിക്കൽ നന്നായി വിളഞ്ഞു. അവൻെറ വിളവുകൾ ശേഖരിച്ചുവെപ്പാൻ സ്ഥലം പോരാതെവന്നു. അവനുണ്ടായിരുന്ന കളപ്പുരകൾ പൊളിച്ചു അധികം വലിയവ പണിതു. എന്നിട്ട് സകല വിളവുകളും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. അങ്ങനെ അനവധി ആണ്ടുകൾക്ക് മതിയായ വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു, ഇനിയും ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്ന് അവനോടു തന്നെ അവൻ പറയുന്നു. "ദൈവമോ അവനോടു: മൂഢാ, ഈ രാത്രിയിൽ നിൻെറ പ്രാണനെ നിന്നോടു ചോദിക്കും എന്നു പറഞ്ഞു" (ലൂക്കോ. 12:16-20). ദൈവവിഷയമായ ആത്മികകാര്യങ്ങളിൽ സഹോദരാ, നീ സമ്പന്നനാകാതെ ദൈവത്തെയും അവൻെറ വചനത്തെയും ത്യജിച്ച് ഈ ലോകത്തിൽ നിനക്കു തന്നെ നീ നിക്ഷേപം സ്വരൂപിച്ചാൽ നിൻെറയും അവസാനം എത്രയോ പരിതാപകരമായിരിക്കും.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth— Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

CHURCH OF CHRIST BUILDING

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

THE BIBLE TRUTH

Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To